Date : 28-11-2017
Name : Saranya Mohan
Designation : Service Provider
District : kasargod
Signature : Saranya

സംസ്ഥാന കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ 14 ജില്ലയിലുമുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് കുടുംബാംഗങ്ങൾക്ക് 26/11/2017 മുതൽ 28/11/2017 വരെ നടന്ന സംസ്ഥാനതല പരിശീലനപരിപാടിയിൽ പങ്കെടുത്ത എനിക്ക് ഈ പരിശീലനപരിപാടി ഒരുപാട് ഉപപ്രദമായി തോന്നി. സ്നേഹിതയിൽ തുടക്കക്കാരിയായ എനിക്ക് ഓരോ അനുഭവങ്ങളും പുതുമനിറഞ്ഞതായി. സമൂഹത്തിലെ ഇരകളുടെ പ്രശ്നങ്ങളിലേക്ക് സ്നേഹിതയ്ക്ക് ഇറങ്ങി ചെല്ലാനാകും എന്നും ഞങ്ങളിൽ ഓരോരുത്തരിലും ഏൽപ്പിച്ചിരിക്കുന്ന കർത്തവ്യങ്ങൾക്ക് ഓരോ ജീവിതത്തിന്റെയും വിലയുണ്ടെന്നും ഉള്ള ഒരു പുതിയ തിരിച്ചറിവ് ഇതിലൂടെ ഉണ്ടായി.

ഡോ. റോഷൻ കൈകാര്യം ചെയ്ത ജെൻഡർ ന്റെ ബേസിക് ക്ലാസ് മനസ്സിൽ കിടന്ന ഒരുപാട് ചോദ്യങ്ങളുടെ ഉത്തരമായി മാറി. ഒരു നിമിഷം പോലും ബോറടിക്കാതെ ചെറിയ ചെറിയ ഗ്രൂപ്പ് ആക്ടിവിറ്റികൾ ഒരുപാട് ഗുണപ്രദമായി തോന്നി. ഞങ്ങളിലെ ഒരാൾ ആയി നിന്നുകൊണ്ടാണ് ഡോ. റോഷൻ ക്ലാസ് മുന്നോട്ട് കൊണ്ടുപോയത് എന്നത് വളരെ പ്രശംസനീയമാണ്.

ജ്യോതിയുടെ നടത്തത്തിൽ കൗൺസിലറായി ഉണ്ടായിരുന്ന ശ്രീമതി അന്നയുടെ ഓരോ വാക്കും ഞങ്ങൾ നടക്കാർക്ക് ഊർജ്ജം പകരുന്നതായിരുന്നു. ആ ക്ലാസിനു ശേഷം എനിക്കു ഒരു ധൈര്യം തോന്നുകയും നമ്മളെക്കൊണ്ട് സമൂഹത്തിൽ എന്തെങ്കിലുമൊക്കെ നന്മ ചെയ്യാൻ സാധിക്കുമെന്നും ഉദ്ബോധിപ്പിക്കുന്നു.

Social justice Department ന്റെ Assistant Director ആയി ജോലിചെയ്യുന്ന ശ്രീമതി. ഷൈലജ ഇ.യുടെ ക്ലാസ് Gender based violence നെക്കുറിച്ചായിരുന്നു. Protection officer ആയി വർക്ക് ചെയ്തിരുന്നതിന്റെ അനുഭവ സമ്പത്തുള്ള ഒരാളുടെ വാക്കുകൾ ഞങ്ങളെ സംബന്ധിച്ച് വിലപ്പെട്ടതായിരുന്നു.

തൃശ്ശൂർ നിന്ന് എത്തിയ സി. മീന ജോസഫ് gender എന്ന ആശയം നമ്മുടെ ഓരോരുത്തരുടെയും മനസ്സിലും കുടുംബത്തിലും പ്രവർത്തനങ്ങളിലും ഉണ്ടാകണമെന്ന് ഊന്നി പറഞ്ഞു. Transactional Analysis എന്ന കാര്യം ഇത്ര ലളിതമായി ഓർക്കാം എന്ന് ഞാൻ പഠിക്കുന്ന തന്നെ വിശ്വസിക്കണം.

വിശേഷണങ്ങൾക്കതീതം ഒന്നാം നമ്പറായിരുന്നത് ശ്രീമതി. സന്ധ്യയുടെ ക്ലാസ് ഏറെയധികം ഉപകാരപ്രദമായി. വിഷയത്തിന്റെ ഈ ഫലപ്രദമായ ക്ലാസ് ഞങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ അന്വേഷിക്കാനും പഠിക്കാനും ഉള്ള ഒരു ഊർജ്ജമായി.